


# ആമുഖം

## വിദ്യാലയ ചരിത്രം

കണ്ണൂർ കോർപ്പറേഷനിലെ കൊറ്റാളി എന്ന ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന ഒരു അപ്പർ പ്രൈമറി വിദ്യാലയമാണ് പുഴാതി നോർത്ത് യു.പി സ്കൂൾ. പത്ത് പതിറ്റാണ്ട് നൂറ്റാണ്ടുകൾക്ക് മുമ്പ് കൊറ്റാളി ശ്രീ കൂറുമ്പ ക്ഷേത്രത്തിനടുത്തുള്ള ആലക്കാട്ട് മൊട്ടമ്മൽ തറവാട്ടുകാരുടെ വക സ്ഥലത്ത് ഒരു ഓലമേഞ്ഞ ഷെഡ്ഡിൽ മൊട്ടമ്മൽ കുഞ്ഞിക്കണ്ണൻ എന്ന കണ്ണൻ ഗുരുക്കളുടെ ശിക്ഷണത്തിൽ ഒരു കുടിപള്ളിക്കൂടം ആരംഭിച്ചു. ഈ കാലത്ത് മുണ്ടയാട് ദേശത്തെ പ്രഗൽഭനായ ഭിഷഗ്വരൻ ബാപ്പു വൈദ്യർ ചികിത്സാർത്ഥം കൊറ്റാളിയിൽ എത്തിച്ചേരുകയും വൈദ്യരും കണ്ണൻ ഗുരുക്കളും ചേർന്ന് കുടിപ്പള്ളിക്കൂടം വിപുലമാക്കുകയും ചെയ്തു. ആ പള്ളിക്കൂടം പിന്നീട് മൊട്ടമ്മൽ സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടു. ബാപ്പു വൈദ്യരുടെ മകൻ അച്യുതൻ വൈദ്യരാണ് 1913-ൽ ഇന്നു കാണുന്ന സ്ഥലത്ത് പുഴാതി നോർത്ത് യു.പി സ്കൂൾ എന്ന വിദ്യാലയം സ്ഥാപിച്ചത്. 1913-ൽ ആരംഭിച്ച ഈ വിദ്യാലയത്തിൽ നാലാം ക്ലാസ് വരെയാണ് ആദ്യം ഉണ്ടായിരുന്നത്. 1914-ൽ അത് ഹയർ എലിമെന്ററി സ്കൂൾ ആയി ഉയർത്തി. നിലവിൽ ഈ വിദ്യാലയത്തിന്റെ മാനേജർ എൻ.കെ ബാലഗോപാലൻ മാസ്റ്ററും ഹെഡ്മാസ്റ്റർ പി അബ്ദുൽ റാഷിദ് മാസ്റ്ററുമാണ്. ഈ വിദ്യാലയത്തിൽ വർഷങ്ങളോളം സേവനമനുഷ്ഠിച്ച് വിദ്യാലയത്തിന്റെ ഉന്നമനത്തിനു വേണ്ടിയും കുട്ടികളുടെ സർവ്വതോന്മുഖ വികാസത്തിനു വേണ്ടിയും അവിശ്രമം പ്രയത്നിച്ച മണ്മറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ ഗുരുശ്രേഷ്ഠന്മാരുടെ സേവനങ്ങൾ എന്നും ഓർമ്മിക്കപ്പെടുന്നതാണ്.

മൺമറഞ്ഞുപോയ നിരവധി വ്യക്തിത്വങ്ങൾ, നിലവിൽ നാട്ടിലും മറുനാട്ടിലും വിദേശത്തുമായി ഉന്നത ശ്രേണികളിൽ എത്തിച്ചേർന്നവർ എല്ലാം ഈ വിദ്യാലയത്തിന്റെ മഹത്തായ ചരിത്രത്തിന്റെ സംഭാവനകളാണ്. പ്രമുഖ വ്യവസായി ഹരീന്ദ്രൻ, പ്രശസ്ത കഥാകൃത്ത് ടി പത്മനാഭൻ, ഇപ്പോഴത്തെ വനം വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ, ദേശീയ അവാർഡ് ജേതാവ് രത്നാകരൻ മാസ്റ്റർ, പ്രശസ്ത വാഗ്മിയും പ്രഭാഷകനും സാമൂഹിക പ്രവർത്തകനുമായ അഡ്വക്കേറ്റ് ബലറാം, ചിത്രകാരൻ രമേശ് കൊറ്റാളി, പ്രശസ്ത നർത്തകൻ നൂപുരം ബാലകൃഷ്ണൻ, കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് എംബിബിഎസ് പൂർത്തിയാക്കിയ ഡോക്ടർ സൂര്യ ഉണ്ണി, ആയുർവേദ ഡോക്ടർ ആയ രാഹുൽ, ബി എ അറബിക് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ശിഫാ പി.വി തുടങ്ങിയവർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്. ഈ വിദ്യാലയത്തിൽ പ്രൈമറി വിഭാഗത്തിൽ 1 മുതൽ 4 വരെ ക്ലാസുകളിലായി 87 ആൺകുട്ടികളും 75 പെൺകുട്ടികളും ഉണ്ട്. യു.പി വിഭാഗത്തിൽ 130 ആൺകുട്ടികളും 135 പെൺകുട്ടികളും ഉണ്ട്. പ്രീ പ്രൈമറി വിഭാഗത്തിൽ 61 കുട്ടികളും കൂടി വിദ്യാലയത്തിൽ ആകെ 488 കുട്ടികൾ ഈ വിദ്യാലയത്തിൽ പഠനം നടത്തുന്നുണ്ട്. പ്രധാനാധ്യാപകന് പുറമെ 12 സ്ഥിരം അധ്യാപകരും 10 താൽക്കാലിക അധ്യാപകരും ഒരു അനധ്യാപകനും LKG, UKG ക്ലാസുകളിലായി മൂന്ന് അധ്യാപകരും ഒരു ആയയും ഈ വിദ്യാലയത്തിൽ ജോലി ചെയ്യുന്നുണ്ട്. കൂടാതെ ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യലിസ്റ്റ് ടീച്ചറുടെയും സേവനം ബി.ആർ.സി മുഖേന ലഭിക്കുന്നുണ്ട്.

## കാഴ്ചപ്പാട്

സമഗ്ര ഗുണമേന്മയിൽ അധിഷ്ഠിതമായ മികച്ച ശിക്ഷണം കുട്ടികൾക്ക് നൽകുന്നതിലൂടെ ആത്മവിശ്വാസമുള്ളവരും സാമൂഹ്യ പ്രതിബദ്ധതയുള്ളവരുമായ നല്ല ഒരു സമൂഹത്തെ വാർത്തെടുക്കുകയും വളർത്തിയെടുക്കകയും ചെയ്യുക.

## പരിമിതികൾ

നമ്മുടെ വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ് സ്ഥല പരിമിതി. കുട്ടികൾക്ക് കായിക വിനോദങ്ങളിൽ ഏർപ്പെടാനും സ്കൂളിൽ ജൈവവൈവിധ്യ പാർക്ക് തുടങ്ങുവാനും സ്കൂൾ പച്ചക്കറി കൃഷി വിപുലമാക്കുവാനും ആവശ്യമായ സ്ഥല സൗകര്യം നമുക്ക് ലഭ്യമല്ല.

വിവര സാങ്കേതിക പഠനം (IT Education) കാര്യക്ഷമമായി നടത്താനുള്ള കമ്പ്യൂട്ടർ ലാബ്. ഡിജിറ്റൽ ഉള്ളടക്കങ്ങൾ ക്ലാസ്സ്റൂം പഠന പ്രവർത്തനങ്ങളിൽ ഉപയോഗിക്കാൻ മുഴുവൻ ക്ലാസ്സ് റൂമുകളും സ്മാർട്ട് ക്ലാസ്സ് റൂമുകളാക്കി മറ്റേണ്ടതുണ്ട് (സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ ലഭ്യതക്കുറവ്).

## അക്കാദമിക നേട്ടങ്ങൾ

പാഠ്യപാഠ്യേതര രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. ചരിത്ര വിജയമായി അഞ്ചു കുട്ടികൾക്ക് എൽ.എസ്.എസും രണ്ടു കുട്ടികൾക്ക് യു.എസ്.എസും ലഭിച്ചു. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവർത്തിപരിചയ മേളകളിൽ സബ്ജില്ലാതലത്തിൽ നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾ ഉന്നത വിജയം കരസ്ഥമാക്കി. സംസ്കൃതം

സ്കോളർഷിപ്പ് പരീക്ഷയിൽ സബ് ജില്ലയിൽ ഏറ്റവും കൂടുതൽ സ്കോളർഷിപ്പുകൾ ലഭിച്ചത് നമ്മുടെ സ്കൂളിലെ കുട്ടികൾക്കാണ്. അൽ മാഹിർ അറബിക് സ്കോളർഷിപ്പ് പരീക്ഷ, ഉറുദു ടാലൻറ് മീറ്റ് എന്നിവയിൽ നമ്മുടെ കുട്ടികൾ മികച്ച വിജയം കാഴ്ചവച്ചു. സബ്ജില്ലാതല കലോത്സവം, സ്പോർട്സ് എന്നിവയിൽ വിവിധ ഇനങ്ങളിൽ മത്സരിച്ച നമ്മുടെ വിദ്യാർത്ഥികൾ ഒന്ന് രണ്ട് സ്ഥാനം കരസ്ഥമാക്കി.

കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയും സമഗ്ര ശിക്ഷ കേരളവും ചേർന്നുള്ള **Stream Ecosystem** പദ്ധതിയിലേക്ക് സബ്ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത മൂന്നു വിദ്യാലയങ്ങളിൽ ഒന്ന് നമ്മുടെ വിദ്യാലയമാണ്. ഇതിന്റെ ഭാഗമായി കുട്ടികൾക്ക് കൂൺ വിത്ത് വിതരണവും പരിശീലനവും നൽകി. ഇതിന്റെ ജില്ലാതല പ്രൊജക്ട് അവതരണത്തിൽ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവച്ചു. ഇതിന്റെ ഭാഗമായുള്ള മറ്റൊരു പദ്ധതിയായ **'Little expert'** പരിപാടിയിൽ ഏഴാം തരത്തിലെ ഹാനിയ നസ്നീൻ പങ്കെടുത്തു. 2024-25 വർഷത്തെ മാതൃഭൂമി സീഡ് ഹരിതജ്യോതി പുരസ്കാരം നമ്മുടെ വിദ്യാലയത്തിന് ലഭിച്ചു. വിദ്യാർത്ഥികളെ ടെക്നോളജിയുടേയും സ്റ്റാർട്ടപ്പുകളുടെയും ലോകത്തേക്ക് സജ്ജരാക്കാനും ഭാവിയിലെ എൻജിനീയർമാരെയും സ്റ്റാർട്ടപ്പ് ഫൗണ്ടർമാരെയും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി നമ്മുടെ സ്കൂളിലെ തിരഞ്ഞെടുത്ത കുട്ടികൾക്ക് ടാൽറോപ്പിന്റെ(Talrop) സഹകരണത്തോടെ പരിശീലനം നൽകിവരുന്നു.

അഴീക്കോട് നിയോജകമണ്ഡലം സമഗ്ര വിദ്യാഭ്യാസ പദ്ധതി 'മഴവില്ല് 'ന്റെ ഭാഗമായി സ്കൂൾ ഫുട്ബോൾ ഫെസ്റ്റ് MLA കപ്പ് മത്സരത്തിൽ യുപി ആൺ, പെൺ വിഭാഗത്തിൽ മത്സരിച്ച് മണ്ഡലതലത്തിൽ പെൺകുട്ടികൾ ഫസ്റ്റ് റണ്ണറപ്പായി. സ്കൂളിൽ നടത്തിയ ഏകദിന ഫുട്ബോൾ ക്യാമ്പിൽ ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ അംഗീകൃത കോച്ച് കെ സനൽരാജ് കുട്ടികൾക്ക് പരിശീലനം നൽകി. ഉപജില്ലാതലവിദ്യാരംഗം സർഗ്ഗോത്സവം നമ്മുടെ വിദ്യാലയത്തിൽ വച്ച് നടന്നു. സംഘാടന മികവുകൊണ്ടും മികച്ച ആസൂത്രണം കൊണ്ടും പരിപാടി ശ്രദ്ധേയമായി. വർഷങ്ങളായി LKG മുതൽ ഏഴാം തരം വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വാർഷിക പരീക്ഷയിൽ 1,2,3 സ്ഥാനം കരസ്ഥമാക്കുന്ന കുട്ടികൾക്ക് സുമനസ്സുകളുടെ സഹകരണത്താൽ വിവിധങ്ങളായ എൻഡോവ്മെന്റുകളും ക്ലാസ്സ് ടോപ്പർമാർക്ക് മെഡലും നൽകിവരുന്നു.

ഉല്ലാസനൗക എന്ന പേരിൽ കഴിഞ്ഞ മൂന്ന് വർഷമായി എൽപി, യു.പി വിഭാഗം കുട്ടികൾക്ക് വിദഗ്ധരായ അധ്യാപകരുടെ നേതൃത്വത്തിൽ ക്യാമ്പ് നടത്തിവരുന്നു. ബഡ്ഡിംഗ് റൈറ്റേഴ്സ്, പഠനോപകരണ നിർമ്മാണ ശില്പശാല എന്നിവ വർഷങ്ങളായി നടത്തിവരുന്നു. വിവിധ ദിനാചരണങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ, പഠനയാത്രകൾ, ഭക്ഷ്യമേളകൾ എന്നിവ കാര്യക്ഷമമായി നടത്തിവരുന്നു. കുട്ടികളിലെ സാമ്പത്തികശീലം വളർത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സ്റ്റുഡൻസ് സേവിങ് പദ്ധതി സ്കൂളിൽ വിജയകരമായി നടത്തിവരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് പഠനോത്സവവുമായി ബന്ധപ്പെട്ട് ' പ്രചരണ റീൽ തയ്യാറാക്കാം 'എന്ന മത്സരത്തിൽ നമ്മുടെ സ്കൂൾ ജില്ലാതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

ഹെൽത്ത് ക്ലബ്ബിന്റെയും പുഴാതി പ്രാഥമിക പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെയും (PHC) ആഭിമുഖ്യത്തിൽ നേത്ര പരിശോധന ക്യാമ്പുകൾ, BM കണക്കാക്കൽ, ചർമ്മരോഗ നിർണ്ണയ ക്യാമ്പുകൾ, 10 വയസ്സുള്ള കുട്ടികൾക്കുള്ള വാക്സിനേഷൻ, വിവിധ ബോധവൽക്കരണ ക്ലാസുകൾ/ക്യാമ്പുകൾ എന്നിവ നൽകിവരുന്നു. ഇക്കോ ക്ലബ് , എനർജി ക്ലബ് , സയൻസ് ക്ലബ് എന്നിവയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ക്യാമ്പയിൻ, യോഗ പരിശീലനം, ഡിജിറ്റൽ ഡി അഡിക്ഷൻ എന്ന വിഷയത്തിൽ സൈക്കോളജിസ്റ്റിന്റെ

വിദഗ്ധ ക്ലാസുകൾ എന്നിവയും, ധനലക്ഷ്മി നേഴ്സ്സിംഗ് സ്റ്റുഡൻസ് ലഹരി വിരുദ്ധ ക്യാമ്പയിൻ, റോഡ് സേഫ്റ്റി , പേഴ്സണൽ ഹൈജീൻ എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നൽകി . നമ്മുടെ സ്കൂളിനെ ഹരിത വിദ്യാലയമായി പ്രഖ്യാപിച്ചു. കാർഷികാഭിവൃദ്ധി വർദ്ധിപ്പിക്കുന്നതിന് കാർഷിക ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധതരം പച്ചക്കറികൾ കൃഷി ചെയ്ത് വിളവുകൾ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് ഉൾപ്പെടുത്താറുണ്ട് . നമ്മുടെ വിദ്യാലയത്തിലെ ലക്ഷ്യ എ പുഴാതി പഞ്ചായത്തിലെ മികച്ച കുട്ടികൾക്കായുള്ള അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്.

കുട്ടികളുടെ ജന്മദിനത്തിൽ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങളും ഉച്ചഭക്ഷണ പദ്ധതിയിലേക്ക് പച്ചക്കറികളും പൂന്തോട്ടത്തിലേക്ക് ചെടിച്ചട്ടികളും നൽകാറുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഭാഗമായി ആധുനിക സൗകര്യങ്ങളോടു കൂടിയ ക്ലാസ് റൂം സൗകര്യങ്ങൾ ഒരുക്കി. വാട്ടർ കൂളർ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചു. മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിന് ഓണം, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയവ വിപുലമായ രീതിയിൽ ആഘോഷിച്ചുവരുന്നു.

## <u>പൊതു ലക്ഷ്യങ്ങൾ</u>

- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി വൈവിധ്യമാർന്ന പഠനോപകരണങ്ങളുടെ സഹായത്താൽ മികവുള്ളവരാക്കി മാറ്റുക.
- പിന്നോക്ക സാമൂഹിക സാഹചര്യങ്ങളിൽ നിന്നുള്ള കുട്ടികളുടെ പഠനനിലവാരം ഉറപ്പുവരുത്തൽ. (കുട്ടികളുടെ ഗൃഹ സന്ദർശനം നടത്തി സാമൂഹികാവസ്ഥ മനസ്സിലാക്കി പഠന പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ കണ്ടെത്തി പരിഹാരബോധനം നൽകുക)
- മുഴുവൻ ക്ലാസുകളും വിവരസാങ്കേതിക വിദ്യയിലൂടെ പഠനം മെച്ചപ്പെടുത്തുന്നതിനുതകുന്ന സ്മാർട്ട് ക്ലാസ്റൂം ആക്കൽ.
- ടാലന്റ് ലാബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി അഭിരുചി വിഷയത്തിൽ പരിശീലനം നൽകി പ്രഗത്ഭരാക്കുക.
- ഈ വർഷം മുതൽ സ്കൗട്ട് & ഗൈഡ്സ് യൂണിറ്റ് സ്കൂളിൽ ആരംഭിച്ച് കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടത്തുക.
- കുട്ടികളുടെ മനസ്സിൽ കരുണ, ദയ, അനുകമ്പ തുടങ്ങിയ മനോഭാവങ്ങൾ ഉണ്ടാക്കുക.
- അനാഥാലയങ്ങൾ അഗതിമന്ദിരങ്ങൾ ഇവ സന്ദർശിച്ച് വൃദ്ധരോട് സംസാരിക്കാൻ സാഹചര്യമൊരുക്കുന്നുണ്ട് തുടർ വർഷങ്ങളിലും ഇത് കാര്യക്ഷമമായി നടത്തും.
- ജനാധിപത്യ അവബോധം കുട്ടികളിൽ എത്തിക്കുന്നതിനായി ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ചുകൊണ്ട് നൂതന രീതിയിലുള്ള തെരഞ്ഞെടുപ്പ് വർഷങ്ങളായി തുടർന്നുവരുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുയോജ്യമായ ക്ലാസ് മുറി, ഇരിപ്പിടങ്ങൾ എന്നിവ ഉറപ്പുവരുത്തുക. ഈ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ പ്രത്യേക പരിശീലന മുറികൾ സജ്ജമാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

- ഗണിത - സാമൂഹ്യ - ശാസ്ത്ര ലാബുകൾ, ലാംഗ്വേജ് ലാബ് എന്നിവ സജ്ജമാക്കുക.
- കുട്ടികൾക്ക് കൃഷിയോട് ആഭിമുഖ്യം വളർത്തിയെടുക്കാൻ സ്കൂളിൽ കൃഷിത്തോട്ടവും വീട്ടിൽ അടുക്കളത്തോട്ടവും ഒരുക്കുക.
- സീഡ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദപരവുമായ ക്ലാസ് മുറികൾ സജ്ജമാക്കുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമിക പരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കുക.
- സ്കൂൾ ലൈബ്രറി/ ക്ലാസ് ലൈബ്രറി എന്നിവ ചിട്ടപ്പെടുത്തി പുസ്തകവിതരണം കാര്യക്ഷമമാക്കുകയും വായനയുടെ തുടർ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.
- അമ്മ വായന പ്രോത്സാഹിപ്പിക്കുക.
- 1, 2 ക്ലാസിലെ സചിത്ര പുസ്തകം LP തല ശില്പശാലകൾ കാര്യക്ഷമമാക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**വിഭാഗം: യു.പി** **വിഷയം: മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | <u>എന്റെ അവധിക്കാലം:</u><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാ വിവരണം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br><u>ഭാഷാ കേളി:</u><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br><u>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:</u><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | 2000 |
| പഠിതാവിൽ നിന്നും അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | <u>വാർത്താലോകത്തേക്ക്:</u><br>പത്രം, ആഴ്ചപതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><u>വാർത്താവായന:</u><br>ക്ലാസ് തലത്തിൽ വാർത്താവായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. ഓരോ ദിവസത്തെ ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. | എല്ലാ ദിവസവും | മലയാളം ക്ലബ്ബ് മലയാളം അധ്യാപകർ. | 2000 |

**വിഭാഗം: യു.പി** **വിഷയം: അടിസ്ഥാനശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5,6,7 ക്ലാസുകളിലെ മുഴുവൻ പഠനലക്ഷ്യങ്ങളും കുട്ടികളിൽ എത്തിക്കുക<br>. | ▪ വർക്ക് ഷീറ്റുകൾ തയ്യാറാക്കുക.<br>▪ യൂണിറ്റ് ടെസ്റ്റുകൾ.<br>▪ ശാസ്ത്ര കിറ്റുകൾ തയ്യാറാക്കുക.<br>▪ പ്രൊജക്റ്റ്<br>▪ BM കണക്കാക്കൽ. | 1 വർഷം | ശാസ്ത്ര അധ്യാപിക | 5000 |
| പ്രക്രിയാശേഷികൾ മുഴുവൻ കുട്ടികളിലേക്കും എത്തിക്കുക. | ▪ ലാബ് ശാക്തീകരണം .<br>▪ ശാസ്ത്ര കിറ്റ് .<br>▪ സയൻസ് മാജിക് ഷോ. | 3 മാസം | ശാസ്ത്ര അധ്യാപിക | 15000 |
| ശാസ്ത്ര സർഗാത്മകഥകൾ കുട്ടികളിലേക്ക് എത്തിക്കുക. | ▪ ശാസ്ത്ര ലൈബ്രറി ക്ലാസുകൾ<br>▪ ശാസ്ത്ര ഗാനങ്ങൾ | 1 മാസം | ശാസ്ത്ര അധ്യാപിക | 1000 |
| കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക. | ▪ ഫീൽഡ് ട്രിപ്പുകൾ<br>▪ ശാസ്ത്രജ്ഞരുടെ ജീവചരിത്രം മനസ്സിലാക്കൽ. | 1 വർഷം | ശാസ്ത്ര അധ്യാപിക | 15000 |
| ദിനാചരണങ്ങളുടെ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുക. | ▪ വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരം.<br>▪ ആഘോഷങ്ങൾ. | 1 വർഷം | ശാസ്ത്ര അധ്യാപിക | 15000 |

**വിഭാഗം: യു.പി** **വിഷയം: സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ,ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഓരോ പഠിതാവിനും നൽകുന്നു. ഭൂപട വായനയുമായി ബന്ധപ്പെട്ട് കേരള ഭൂപടം, ഇന്ത്യ ഭൂപടം, ലോക ഭൂപടം, എന്നിവയിൽ ജില്ലകൾ, സംസ്ഥാനങ്ങൾ, വൻകരകൾ തിരിച്ചറിയുന്നതിനും രേഖപ്പെടുത്തുന്നതിനും കുട്ടികൾ പ്രാപ്തരാകുന്നു. | ജൂൺ ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 2000 |
| ദിനാചരണങ്ങൾ. | ദേശീയ അന്തർദേശീയ പ്രാധാന്യമുള്ള ദിനങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 2000 |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | ഫീൽഡ് ട്രിപ്പ്, സർവ്വേ, പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 1000 |
| ഭക്ഷ്യമേള പ്രചാരണം ചെയ്യുക. ഭക്ഷ്യമേളയുടെ പ്രത്യേകതകൾ പ്രതിപാദിക്കുക. | കുട്ടികളുടെ പരിസരത്തുനിന്ന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് മുതിർന്നവരുടെ സഹായത്തോടെ ഭക്ഷണം തയ്യാറാക്കി ക്ലാസിൽ കൊണ്ടുവരുന്നു. വിഭവങ്ങളുടെ വിവരണം,പങ്കിട്ടു കഴിക്കൽ. | ആഗസ്റ്റ് - സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 1000 |

| | | | | |
|---|---|---|---|---|
| ഭൂമിയുടെ ആകൃതിയെ പറ്റിയും അതിന്റെ പ്രത്യേകതകളെപ്പറ്റിയും മനസ്സിലാക്കുന്നു. | ഗ്ലോബ് നിർമ്മാണം | സെപ്റ്റംബർ ഒക്ടോബർ. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 2000 |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | സ്കൂൾ ഇലക്ഷൻ: ജനാധിപത്യ രീതിയുടെ അടിസ്ഥാനത്തിൽ ഇലക്ഷൻ നടത്തുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | 500 |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 500 |

**വിഭാഗം: യു.പി** **വിഷയം: ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കളിലും ഉറപ്പുവരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മാസം | ഗണിത അധ്യാപകൻ | 1000 |
| ഗണിത അധ്യാപകൻ | വിദ്യാലയത്തിൽ ഗണിത ലാബ് സജ്ജമാക്കൽ. | ജൂൺ -മാർച്ച് | ഗണിത അധ്യാപകൻ | 1000 |
| ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകൻ | 1000 |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മാർച്ച് | ഗണിത അധ്യാപകൻ | 2000 |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | ഒറിഗാമീ ശില്പശാല ഒറിഗാമിയിലൂടെ വിവിധ രൂപങ്ങൾ നിർമ്മിച്ച അവയുടെ പ്രദർശനം സംഘടിപ്പിക്കൽ. | ജൂൺ മാർച്ച് | ഗണിത അധ്യാപകൻ | 500 |

**Class: U.P** **Subject: English**

| Aim | Activities | Period | Supporting Group | Finance |
|---|---|---|---|---|
| To encourage listening and speaking introduce different games (fiction, non-fiction, poetry) enhance vocabulary.<br>Enhance listening skills. | Interactive storytelling sessions discussing themes, characters and plots to enhance listening skills<br>Art gallery, create imprint of the kissing hand by tracing your hands on a piece of paper/cotton clothes. | June | English Teacher | 1000 |
| To Encourage reading.<br>Develop Basic reading, writing, Listening and speaking skills | Interactive reading circles :<br><br>Divide students into small groups and provide them with age _ appropriate texts such as short stories or excerpts from novels. | | English Teacher | 400 |
| Cultivate effective communication skills for various contexts | Each group reads the assigned text together and discuss key elements like plot, characters and themes.<br>Encourage students to take turn reading aloud and share their interpretations and reactions to the text.<br>After discussions each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions. Listening comprehension activities using audio stories.<br><br>Expanding vocabulary with context clues from passage. | July | English Teacher | 300 |

| | | | | |
|---|---|---|---|---|
| To develop writing skills:<br><br>Introduce grammatical concepts such as part of speech, tenses and sentence structure.<br>To develop basic grammar rules.<br>Focus on sentence structure punctuation and grammar | Improve sentence structure<br>Practice for simple creative writing tasks like description, paragraphs short stories and simple poetry.<br>Projects and research assignments to faster critical thinking.<br>Focus on developing paragraphs and essays.<br>Teach persuasive writings techniques and argumentation.<br><br>Preparing and developing speeches. Listening to and analysing different media sources | August-December | English Teacher | 500 |
| Expand vocabulary through reading and interactive activities. | Interactive grammar game.<br>Structured grammar lessons with examples and practice activities.<br>Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.<br>For example, play word association games charades or vocabulary bingo to practice new words and concepts<br>To create their own poems, stories, dictionary etc. And present it to the class. | January | English Teacher | 1000 |
| Language games, puzzles and activities.<br>Differentiation and support. | Provide additional support and resources such as small _ group's instructions, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners. | February | English Teacher | 1000 |
| Assessment and feedback. | Design a range of assessment task and tools to measure student's language proficiency, comprehension, and writing skills, including formative and summative assessment.<br><br>Use a variety Of assessment methods such as quizzes tests, essays, and presentation and performance tasks to assess different aspects of language learning. | Throughout the year. | English Teacher | 500 |
| Parent's involvement. | Encourage parents with expertise in English language teaching, literacy or language acquisition to share their knowledge and skills students and teachers.<br>Collaborate with parents to create English language learning materials such as flashcards, signboard ,games or resource packs ,that can be used in the class room or sent home for additional practice | Throughout the year. | English Teacher | 500 |

**വിഭാഗം: യു.പി** **വിഷയം: അറബിക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. | ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. | മൂന്ന് മാസം | അറബി അധ്യാപകർ | 300 |
| അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കുക.പദ സമ്പത്ത് അധികരിപ്പിക്കുക. | പുതിയ പദം പരിചയപ്പെടാൻ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുന്നു. | ജൂൺ - മാർച്ച് | അറബി അധ്യാപകർ | 100 |
| കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുക. | കൈയ്യെഴുത്ത് മാഗസിനുകൾ തയ്യാറാക്കുക. | ജൂൺ - മാർച്ച് | അറബി അധ്യാപകർ | 500 |
| അറബി ഭാഷ ആശയങ്ങളും പദങ്ങളുടെ അർത്ഥവും കുട്ടികളിലേക്ക് എത്തിക്കുക. | യൂണിറ്റ് തല നിഘണ്ടു നിർമ്മാണം. | 6 മാസം | അറബി അധ്യാപകർ | 300 |
| കുട്ടികളുടെ കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനും. | കഥാപ്രസംഗം,ഗാനം, വാർത്തകൾ എന്നിവ അവതരിപ്പിക്കുന്നു. | 1 വർഷം | അറബി ക്ലബ്ബ് | 500 |
| വ്യത്യസ്ത ദിനങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. | ജൂൺ - മാർച്ച് | അറബി ക്ലബ്ബ് | 500 |
| ഭാഷാ പഠനത്തിൽ ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | സ്മാർട്ട് ക്ലാസ് റൂം- ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ,കവിത ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവയുടെ നിർമ്മാണവും ഉപയോഗവും. | നവംബർ - മാർച്ച് | അറബി അധ്യാപകർ | 2000 |

**വിഭാഗം: യു.പി** **വിഷയം: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംസ്കൃതം പഠിക്കുന്ന എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും പദങ്ങളും ഉറപ്പിക്കൽ. | ❖ അക്ഷരം എഴുത്ത്.<br>❖ അക്ഷരക്കാർഡ് വായന, അക്ഷരങ്ങൾ തിരിച്ചറിയൽ, എഴുത്ത്.<br>❖ പദങ്ങൾ കാർഡുകൾ.<br>❖ അക്ഷരമാല പ്രദർശനം, അക്ഷര ഗീതങ്ങൾ.<br>❖ ചിഹ്നങ്ങൾ-ഓരോന്നും തിരിച്ചറിയൽ, കൂടുതൽ പദങ്ങൾ കണ്ടെത്തൽ.<br>❖ പദ നിർമ്മാണ ക്രീഡ.<br>❖ വായനാ കാർഡ് നിർമ്മാണം, നിരന്തര വായന.<br>❖ സംസ്കൃത ഭാഷയിലുള്ള ലഘു കഥാപുസ്തകങ്ങൾ പരിചയപ്പെടൽ | ജൂൺ ഡിസംബർ | സംസ്കൃതം അധ്യാപിക | 3000 |

**വിഭാഗം: യു.പി** **വിഷയം: ഉർദു**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5,6,7 ക്ലാസുകളിൽ ഉർദു ഭാഷ പഠിക്കുന്ന കുട്ടികൾക്ക് ഭാഷ എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നതിന്. | വായന കാർഡുകൾ ലഭ്യമാക്കൽ,വായന മത്സരം, ക്വിസ് മത്സരങ്ങൾ നടത്തൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു അധ്യാപകൻ | 1000 |
| എഴുത്ത് :<br>ഉർദു ഭാഷയിൽ ആശയങ്ങൾ എഴുതി അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | വാക്യങ്ങളിലൂടെ പദങ്ങളിലേക്കും പദങ്ങളിലൂടെ അക്ഷരങ്ങളിലേക്കും അക്ഷരങ്ങളുടെ ഘടന മനസ്സിലാക്കി എഴുതുവാനുള്ള കഴിവ്. മെച്ചപ്പെടുത്തുവാനുമുള്ള പ്രവർത്തനങ്ങൾ. | ജൂൺ ജൂലൈ ആഗസ്റ്റ് | ഉർദു അധ്യാപകൻ | 1000 |
| ദിനാചരണങ്ങൾ :<br>ദിനാചരണങ്ങളുടെ ഭാഗമായി ഉർദു ഭാഷയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക. | ദിനാചരണങ്ങളുടെ പേര് ഉർദുവിൽ മനസ്സിലാക്കുക. എല്ലാ ദിനാചരണങ്ങളിലും ഉർദുവുമായുള്ള പ്രവർത്തനം ഉൾപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ഉർദു അധ്യാപകൻ | 500 |
| ഉർദു വായന:<br>ഉർദു കുട്ടികൾക്ക് അനായാസം വായിക്കാൻ പഠിപ്പിക്കൽ | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, വായന കാർഡുകൾ, ഉർദു പത്രങ്ങൾ ലഭ്യമാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. | ഉർദു അധ്യാപകൻ | 1000 |
| രചന ശേഷി വളർത്തൽ. | ഉർദു മാഗസിൻ | ജൂൺ മുതൽ നവംബർ വരെയുള്ള കാലയളവ്. | ഉർദു അധ്യാപകൻ | 1000 |

**വിഭാഗം: യു.പി** **വിഷയം: ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5, 6, 7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.<br>ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചു എടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സീഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക | 500 |
| ഹിന്ദി വായന:<br>തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ചു വായനയിലേക്ക് ആകർഷിപ്പിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക | 400 |
| ഹിന്ദി സംസാരം :<br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കുക. ജീവിതത്തിൽ ആവശ്യമായി വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവന്ന് ആശയവിനിമയം നടത്തും.<br>വായനക്ക്.........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും Readery Fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസ് ഇല്ലാതെ കൂടുതൽ വായിക്കണം, ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക | 1000 |

## വിഭാഗം: എൽ.പി

**ക്ലാസ് : 1** **വിഷയം: മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ പഠനത്തിനായി സന്നദ്ധരാക്കുന്നു. | സന്നദ്ധതാ പ്രവർത്തനം<br>(ഒന്നൊരുക്കം _ വിദ്യാപ്രവേശ് ) | ജൂൺ | ക്ലാസ് ടീച്ചർ | 1000 |
| കുട്ടിയുടെ സ്വതന്ത്ര രചനാ ശേഷി വികസിപ്പിക്കുക. | സംയുക്ത ഡയറി :<br>രക്ഷിതാവിന്റെ സഹായത്തോടെ കുട്ടികൾ അനുഭവങ്ങൾ രേഖപ്പെടുത്തുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | 500 |
| വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുന്നതിനും അവ ചെറു സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്നതിനും കുട്ടികളെ സജ്ജരാക്കുക. | പാട്ടരങ്ങ് :<br>പാട്ട് താളത്തിനനുസരിച്ച് ഏറ്റു ചൊല്ലുന്നു , ചുവടുവയ്ക്കുന്നു .<br>കൂടുതൽ ഈണം കണ്ടെത്താൻ അവസരം നൽകുന്നു . | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | 1500 |
| ഒന്നാം ക്ലാസിലെ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തക ശേഖരം ഒരുക്കുക. | വായനോത്സവം :<br>• കുട്ടികൾക്ക് പുസ്തകങ്ങൾ നൽകുന്നു<br>• രക്ഷിതാവ് കുട്ടിക്ക് കഥ പറഞ്ഞു കൊടുക്കുന്നു, വീഡിയോ ക്ലാസ് ഗ്രൂപ്പിൽ പങ്കിടുന്നു .<br>• കുട്ടി സ്വതന്ത്രമായി കഥ വായിക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | 500 |

| | | | | |
|---|---|---|---|---|
| കുട്ടിയുടെ സർഗാത്മക ശേഷി<br>വികസിപ്പിക്കുന്നതിന്. | രചനോത്സവം:<br><br>ആഴ്ചയിൽ ഒരു ചിത്രം അയച്ചുകൊടുക്കുകയും രക്ഷിതാവ് ചിത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ കുട്ടിയോട് ചോദിക്കുകയും കുട്ടി അതുമായി ബന്ധപ്പെട്ട കഥ എഴുതുകയും ചെയ്യുന്നു .<br><br>അമ്മപ്പതിപ്പ് :<br><br>രക്ഷിതാക്കളും രചനകളുടെ പതിപ്പ് തയ്യാറാക്കുന്നു. | ആഗസ്റ്റ്-<br>മാർച്ച് | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | 1000 |

ക്ലാസ് : 1

വിഷയം: പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. | ▪ പക്ഷികളെ തിരിച്ചറിയുന്നു.<br>▪ ശബ്ദം അനുകരിക്കുന്നു.<br>▪ ശബ്ദം തിരിച്ചറിഞ്ഞ് പക്ഷി ഏതാണെന്ന് പറയുന്നു.<br>▪ പക്ഷികളുടെ ചിത്രം വരച്ച് നിറം നൽകി പതിപ്പ് നിർമ്മിക്കുന്നു<br>▪ ICT. | ജൂൺ-ആഗസ്റ്റ് | ക്ലാസ് ടീച്ചർ | 1000 |
| ജീവികളുടെയും പക്ഷികളുടെയും വാസസ്ഥലം തിരിച്ചറിയുന്നു. | <u>പ്രകൃതി നടത്തം :</u><br>ജീവികളുടെ കൂട് ഏതൊക്കെയാണെന്ന് മനസ്സിലാക്കുന്നു .<br>ICT | ജൂലൈ-സെപ്റ്റംബർ | ക്ലാസ് ടീച്ചർ | 500 |
| വ്യത്യസ്ത രുചി,വലുപ്പം, ആകൃതിയുള്ള പലഹാരങ്ങളെ തിരിച്ചറിയുന്നു. | പലഹാരമേള :<br>രക്ഷിതാക്കളുടെ സഹായത്തോടെ പലഹാരമേള നടത്തുന്നു .രുചികൾ തിരിച്ചറിയാൻ അവസരം നൽകുന്നു<br>. | ഒക്ടോബർ | ക്ലാസ് ടീച്ചർ | 500 |
| പരീക്ഷണത്തിലേർപ്പെട്ട് ഊഹം,നിരീക്ഷണം , അപഗ്രഥനം,നിഗമനം ഇവയിലെത്താനുള്ള കഴിവ്. | ഓരോ പാഠവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്ത് നിഗമനത്തിലെത്താൻ കുട്ടിയെ ഒരുക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | 1000 |

ക്ലാസ് : 1 വിഷയം: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിശ്ചിത എണ്ണം എണ്ണിയെടുക്കുക. | പലതരം ഗണിത കളികൾ ക്ലാസ് മുറിയിൽ സംഘടിപ്പിക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | ` 1000 |
| ഒരു കൂട്ടത്തിൽ എത്രയുണ്ടെന്ന് എണ്ണി തിട്ടപ്പെടുത്തുക. | രക്ഷിതാക്കളുടെ സഹായത്തോടെ ഗണിത സഞ്ചി നിർമ്മിക്കുന്നു .മുത്ത്, മഞ്ചാടി , ഈർക്കിൾ തുടങ്ങിയ വസ്തുക്കൾ ഗണിത സഞ്ചിയിൽ ശേഖരിക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | 500 |
| യുക്തി ചിന്ത ഉണർത്തുക. ചിന്താ ശേഷി വർദ്ധിപ്പിക്കുക. | വിവിധതരം പസിലുകൾ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | 500 |
| ഗണിതം കൂടുതൽ ആസ്വാദ്യകരമാക്കുന്നതിന്. | ഗണിത കേളി | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | 500 |

**Class: 1** **Subject: English**

| Aim | Activities | Period | Supporting group | Finance |
|---|---|---|---|---|
| Listen to narratives and teacher talks and shows signs of understanding verbally and non-verbally. | Listen stories<br>Collecting pictures of animals, birds and vehicles (magazine). | June-March | Class Teacher | 1000 |
| Familiarising with words denoting vehicles, animals, birds and colours. | Colouring as per instructions. | June-March | Class Teacher | 1000 |

**ക്ലാസ് : 2** **വിഷയം: മലയാളം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കാനുള്ള ശേഷി നേടിയെടുക്കൽ | ❖ ചിത്രക്കാർഡുകൾ നൽകൽ<br>❖ ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ<br>❖ ഭാഷയുമായി ബന്ധപ്പെട്ട ഐ.സി.ടി സാധ്യത ഉറപ്പാക്കുന്നു.<br>❖ സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിക്കൽ, വീട്ടു ലൈബ്രറി ഒരുക്കൽ,<br>❖ വായിച്ച കഥയിൽ നിന്ന് സംഭാഷണം, രംഗാവിഷ്കാരം ചെയ്യൽ. | ജൂൺ- സെപ്റ്റംബർ | ക്ലാസ് ടീച്ചർ | 2000 |
| വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുത്തി അവതരിപ്പിക്കുന്നു. | പാട്ടരങ്ങ് സംഘടിപ്പിക്കുന്നു | ഒക്ടോബർ- ഡിസംബർ | ക്ലാസ് ടീച്ചർ HM | 1000 |
| രണ്ടാം ക്ലാസിലെ എല്ലാ കുട്ടികൾക്കും വായനയിലെ പ്രശ്നങ്ങൾ കണ്ടെത്തി വായന വികസിപ്പിക്കുന്നു. | വായനോത്സവം സംഘടിപ്പിക്കുന്നു. വായിച്ച പുസ്തകത്തെക്കുറിച്ച് ലഘു വിവരണം തയ്യാറാക്കുന്നു. | ഡിസംബർ- ജനുവരി | ക്ലാസ് ടീച്ചർ HM | 1000 |
| കുട്ടികളുടെ സർഗാത്മകത തട്ടിയുണർത്തുന്നു. | കുട്ടികൾക്ക് സ്വന്തമായ രചനകൾ നടത്താൻ അവസരം നൽകുന്നു. | ജനുവരി- ഫെബ്രുവരി | ക്ലാസ് ടീച്ചർ | |

**ക്ലാസ് : 2** **വിഷയം :പരിസര പഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കാൻ. | ശാസ്ത്രമൂല ഒരുക്കുന്നു. | വർഷം മുഴുവൻ | HM<br>SRG<br>CPTA | 1000 |
| ശാസ്ത്രപഠനത്തിൽ താല്പര്യ ജനിപ്പിക്കാൻ അന്വേഷണത്വര വളർത്തൽ. | ശാസ്ത്ര യാത്ര സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | 1000 |
| പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതാൻ കഴിയുന്നു. | പ്രകൃതി നടത്തം/ ഫീൽഡ് ട്രിപ്പ് നടത്തി നിരീക്ഷിച്ച കാര്യങ്ങൾ കുറിപ്പായി എഴുതുന്നു. അവതരിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവ ഉണ്ടാക്കുന്നു. | ആവശ്യാനുസരണം | HM<br>ക്ലാസ് ടീച്ചർ | 500 |
| പരീക്ഷണങ്ങൾ ആസൂത്രണം ചെയ്യുന്നു. | പാഠഭാഗങ്ങളിലെ പരീക്ഷണങ്ങൾ ആസൂത്രണം ചെയ്യുകയും നിരീക്ഷിക്കുകയും നിഗമനത്തിലെത്തുകയും പരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു. | ആഗസ്റ്റ്-ഡിസംബർ | ക്ലാസ് ടീച്ചർ | 1000 |

**ക്ലാസ് : 2** **വിഷയം :ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം ആസ്വാദ്യകരമാക്കാൻ. | • ഗണിത കിറ്റ് തയ്യാറാക്കൽ<br>• വിലവിവര പട്ടിക തയ്യാറാക്കൽ<br>• ക്ലാസിലൊരു കടയൊരുക്കൽ<br>• കളിനോട്ട് നിർമ്മാണം. | ജൂൺ-ജൂലൈ | ക്ലാസ് ടീച്ചർ ഗണിത അധ്യാപിക | 1000 |
| ഗണിത ചിന്താശേഷി വളർത്തൽ, യുക്തിചിന്ത വളർത്തൽ. | ▪ ഗണിത കളികൾ,<br>▪ പസിലുകൾ പരിചയപ്പെടുത്തൽ,<br>▪ കുസൃതി കണക്കുകൾ പരിചയപ്പെടുത്തൽ, പാറ്റേണുകൾ പൂർത്തിയാക്കൽ,<br>▪ പ്രായോഗിക പ്രശ്നങ്ങൾ പൂർത്തിയാക്കൽ<br>▪ വർക്ക് ഷീറ്റ് പൂർത്തിയാക്കൽ,<br>▪ സങ്കലനം,വ്യവകലനം പ്രശ്നാപഗ്രഥനം എന്നിവയ്ക്കായി അവസരങ്ങൾ ഒരുക്കുന്നു.<br>▪ സ്ഥാനവില പോക്കറ്റ്<br>▪ അബാക്കസ് നിർമ്മിക്കൽ. | ആഗസ്റ്റ്-സെപ്റ്റംബർ<br><br>ഒക്ടോബർ ഡിസംബർ<br><br>ജനുവരി-ഫെബ്രുവരി | ക്ലാസ് ടീച്ചർ ഗണിത അധ്യാപിക | 1000 |

**Class: 2** **Subject: English**

| Aim | Activities | Supporting group | Period | Finance |
|---|---|---|---|---|
| To develop listening skills of students. | Hello English activities, conversations, English games, let's talk ( interview with experts ) | Class Teacher<br>SRG<br>English Club | June-August | 1000 |
| To develop reading and writing skills. | Book reading, find words, rhyming words, skit, stories, add more lines, library book reading, reading notice. | Class Teacher<br>SRG | June-March | 2000 |
| To express thoughts, feeling etc. | Description, develop story and thoughts. | Class Teacher<br>SRG | September-December | 1000 |
| Develop the creative speaking and writing. | Library book reading, conversation, skit, stories, daily diary writing, reading diary, announcement. | Class Teacher<br>SRG<br>SMC | January-March | 1000 |
| To improve the presentation power. | Exhibition of product, skit presentation, conversation in group, song presentation. | Class Teacher<br>SRG<br>SMC | February-March | 2000 |

**ക്ലാസ് : 3** **വിഷയം: മലയാളം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദ സമ്പത്ത് വർദ്ധിപ്പിക്കൽ. | ❖ ഭാഷാ കളികൾ<br>❖ ആംഗ്യപ്പാട്ട്<br>❖ ഭാവാത്മക വായന<br>❖ കഥ പറയൽ<br>❖ അധ്യാപകൻ പറയുന്ന കഥ കേൾക്കൽ. | ജൂൺ-മാർച്ച് | അധ്യാപകൻ<br>SRG | 5000 |
| എഴുത്ത്, വായന, സംസാര ശേഷി വർദ്ധിപ്പിക്കൽ. | ഐ.സി.ടി ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടും കേൾക്കൽ.<br><br>സംസാര ശേഷി :<br>ചിത്രവായന, കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ് അവതരണം, അനുഭവ വിവരണം, ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക, ചിത്ര വിവരണം. | ജൂലൈ-മാർച്ച് | അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക. | വായന ശേഷി :<br>കഥാപുസ്തകങ്ങൾ വായിക്കുക,<br>വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക,<br>പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ<br><br>എഴുത്ത്:<br>പദസൂര്യൻ ചിത്ര വിവരണം ചോദ്യങ്ങൾ നിർമ്മിക്കുക<br>ചോദ്യോത്തരപ്പയറ്റ്, വാക്കുകൾ കൂട്ടിച്ചേർത്ത് കൂടുതൽ വരികൾ എഴുതുക. | | | |
| ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം. | വായനശേഷി :<br>ലൈബ്രറി പുസ്തകങ്ങൾ വായിക്കുക<br>കഥ<br>റോൾപ്ലേ<br>അനുഭവക്കുറിപ്പുകൾ. | ജൂൺ-മാർച്ച് | അധ്യാപകൻ<br>SRG<br>PTA | |

**ക്ലാസ് : 3** **വിഷയം : പരിസര പഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര ബോധം വളർത്തുക. | • കണ്ടെത്താം അറിയാം.<br>• ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>• കുറിപ്പ് തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>SRG | 500 |
| പ്രകൃതിയെ അറിയാൻ. | • പ്രകൃതി നടത്തം<br>• കാവുകൾ സന്ദർശിക്കൽ<br>• കുളങ്ങൾ സന്ദർശിക്കൽ<br>• കൃഷിയിടം സന്ദർശിക്കൽ. | ജൂലൈ-<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>SRG<br>SMC | 2000 |
| പ്രകൃതി വിഭവ സംരക്ഷണം | • ജലസ്രോതസ്സുകൾ നിരീക്ഷിക്കൽ<br>• ജലസംരക്ഷണ പ്രവർത്തനത്തിൽ പങ്കാളികളാവൽ<br>• പരിസ്ഥിതി സംരക്ഷണം. | സെപ്റ്റംബർ-<br>ഡിസംബർ | ക്ലാസ് ടീച്ചർ<br>SRG | 1000 |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ. | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം, പരീക്ഷണം വീട്ടിനകത്തും. | ഡിസംബർ-<br>ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>SRG<br>Science club | 2000 |

| | | | | |
|---|---|---|---|---|
| വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയൽ. | a) ആരോഗ്യ പ്രവർത്തകനുമായി അഭിമുഖം<br>b) സ്കൂൾ പരിസരം നിരീക്ഷിക്കൽ<br>c) ശുചിയാക്കൽ<br>d) പോസ്റ്റർ നിർമ്മാണം<br>e) ബോധവൽക്കരണ പരിപാടികൾ | ഫെബ്രുവരി-മാർച്ച് | ക്ലാസ് ടീച്ചർ<br>SRG<br>SMC | 2000 |
| കേരളം-ഇന്ത്യ ഭൂപടങ്ങൾ മനസ്സിലാക്കൽ. | ഭൂപട വായന<br>ഭൂപട രചന. | -ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>SRG | 1000 |
| മടികൂടാതെ സദസ്സിനെ അഭിമുഖീകരിക്കാനുള്ള കഴിവ്<br>വളർത്തൽ. | പഠനോത്സവം,<br>ശാസ്ത്രപ്രദർശനം. | | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>PTA | 5000 |

**ക്ലാസ് : 3** **വിഷയം : ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയൽ. | ❖ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ.<br>❖ ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ.<br>❖ തോരണം, തോണി നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ്.<br>❖ ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു. | ജൂൺ-ജൂലൈ | ടീച്ചർ | 1000 |
| ഗണിതം ലളിതമാക്കാം കളികളിലൂടെ. | ○ ഓരോ കുട്ടിക്കും കണക്കുപെട്ടി.<br>○ 1 മുതൽ 100 വരെ എഴുതിയ ടോക്കൺ. കളിനോട്ടുകൾ, സംഖ്യ സ്ട്രിപ്പുകൾ,<br>○ അബാക്കസ് നിർമ്മാണം. | ജൂലൈ-സെപ്റ്റംബർ | ടീച്ചർ SRG | 1000 |
| ഗണിത പഠനം രസകരമാക്കൽ. | പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം. | ജൂൺ-മാർച്ച് | ടീച്ചർ | 1000 |
| പഠനോപകരണങ്ങളിലൂടെ ഗണിതം ലളിതമാക്കൽ. | ○ സ്കെയിൽ നിർമ്മാണം.<br>○ കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം പരിശോധന.<br>○ ഗുണന വസ്തുത കാർഡ് നിർമ്മാണം. | ഒക്ടോബർ-നവംബർ | ടീച്ചർ | 1000 |
| ഗണിത ശേഷികളുടെ പ്രകടനം | പഠനോത്സവം | മാർച്ച് | ടീച്ചർ PTA | 1000 |

**Class: 3** **Subject: English**

| Aim | Activities | Period | Supporting group | Finance |
|---|---|---|---|---|
| To speak read and write English without any mistake. | Reading stories and writing various discourses. | June-March | Class teacher<br>SRG | 1000 |
| To develop listening skills and reading skills. | Games, action songs, Hello English activities, conversations, skit, stories. | June- July | Class teacher<br>SRG | 1000 |
| To develop speaking skills | Identify the naming words from the picture. Make simple sentence about picture. | July- August | Class teacher<br>SRG | 500 |
| To develop writing skill | Picture description, growing sentence, action words | August-September | Class teacher<br>SRG | 1000 |
| Develop creative speaking and writing. | Books reading, find words, rhyming words, make Word Web, word chain, make riddle, conversations and add more lines. | September-October | Class teacher<br>SRG | 1000 |
| To express thoughts, feeling etc. | Library book reading, develop story, thoughts, description. | November-December | Class teacher<br>SRG<br>Library Teacher | 2000 |
| To improve presentation power. | Conversation, skit, stories, diary, exhibition. | January-March | Class teacher<br>SRG<br>SMC | 2000 |

**ക്ലാസ് : 4** **വിഷയം: മലയാളം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രത്യേകം പരിശീലനം നൽകുന്നു. | ജൂൺ-മാർച്ച് | അധ്യാപിക, SRG | 5000 |
| വായനാ ശേഷി വളർത്തൽ. | ക്ലാസ് വായനാക്കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം<br>പത്രവായന. | | അധ്യാപിക | |
| എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ ,സർഗ്ഗാത്മക ഡയറി എഴുതൽ ,രചനാ പരിചയക്കുറിപ്പ്. | | അധ്യാപിക | |
| കാവ്യോത്സവം. | പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ അവതരിപ്പിക്കൽ. | ജൂലൈ-മാർച്ച് | അധ്യാപിക | |
| കാവ്യാവിഷ്ക്കാരം. | പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകളുടെ ആവിഷ്ക്കാരം. | | അധ്യാപിക | |
| റീഡിംഗ് തിയേറ്റർ. | പാഠഭാഗങ്ങൾ , കഥകൾ ,കവിതകൾ ,അവതരണം. | | അധ്യാപിക | |

**ക്ലാസ് : 4** **വിഷയം: പരിസരപഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം - അറിവു നിർമ്മാണം. | ഫീൽഡ് ട്രിപ്പ്.<br>പ്രകൃതി നടത്തം. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ, PTA,SRG | 10000 |
| ശാസ്ത്രപഠനം ലളിതവും രസകരവും താൽപര്യം ജനിപ്പിക്കുന്നതുമാക്കൽ. | ➢ പരീക്ഷണം നടത്തൽ.<br>➢ ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ.<br>➢ പദപ്രശ്നം നിർമ്മിക്കൽ.<br>➢ വീഡിയോ കാണിക്കൽ.<br>➢ പക്ഷിനിരീക്ഷണം.<br>➢ ക്ലബ്ബ് പ്രവർത്തനം. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |
| ഭൂപടവായന , രചന സൂചിക. | ഭൂപടമൊരുക്കാം.<br>കേരളം-ഇന്ത്യ ഭൂപടവായന. | ജൂൺ -ജൂലൈ | ക്ലാസ് ടീച്ചർ | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവ് പ്രയോഗം. | ❖ ശാസ്ത്ര മേള .<br>❖ പതിപ്പ് പ്രകാശനം<br>❖ ചാർട്ട് പ്രദർശനം<br>❖ ആൽബം പ്രദർശനം<br>❖ പഠനോപകരണം പ്രദർശനം<br>❖ പരീക്ഷണം നടത്തൽ . | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ, PTA,SRG | |

**ക്ലാസ് : 4** **വിഷയം: ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷി ഉറപ്പാക്കുക. | പ്രവൃത്തി പരിചയത്തിലൂടെ ഗണിതാശയങ്ങൾ രൂപീകരിക്കുന്നു . ഗണിത വിജയം പ്രവർത്തനങ്ങൾ,ഗണിത ലാബ് ഒരുക്കൽ , സംഖ്യാബോധം-കളികൾ, പ്രായോഗിക പ്രശ്ന പരിഹാരം. | ജൂൺ-മാർച്ച് | അധ്യാപിക SRG രക്ഷിതാക്കൾ. | 15000 |
| ഗണിത ശേഷികളുടെ പ്രകടനം. | ഗണിത മേള പ്രശ്നോത്തരി , പസിൽ പാറ്റേൺ ,പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനവും ,ഗണിത ക്ലബ്. | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | |

**Class: 4** **Subject : English**

| Aim | Activities | Period | Supporting group | Finance |
|---|---|---|---|---|
| To develop speaking skills.<br>We can create an English atmosphere. | English challenge, speak simple English sentence frequently,<br>Use Simple questions paste some English words on walls, doors, shelf, benches, desks, table etc. | June-march | SRG, English teacher. | 600 |
| Develop speaking skills. | Speech bubbles, gives chances for filling speech bubbles.<br>Eg : Isaac and Dilna<br>Give more chance in upcoming units. | June | English teacher | 200 |
| Develops the reading skill and writing skill. | MEW<br>New words are introducing through picture and appropriate sentences in different contact to get its meaning.<br>Students have to keep them in notebooks. | June -march | English teacher | 250 |
| Develop the listening skill and reading skill. | Read and rejoice<br>Tells simple English stories with proper actions and voice modulation.<br>Gives more stories having great values like brave, unity, Kindness, honesty etc..<br>For Reading. | Once in a week | English teacher | 2000 |
| Various club activities<br>Eg: Reader's theatre, LSRW skills. | Hi English.<br>(English club ) | July-feb | English teacher | 3000 |
| To develop writing skills. | Picture description gives different pictures to prepare a description. | July | English teacher | 600 |
| To develop LSRW skills. | Riddles. | July | English teacher | 270 |

**വിഭാഗം : എൽ. പി** **വിഷയം: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എൽ. പി തലത്തിൽ സംസ്കൃതം പഠിക്കുന്ന മുഴുവൻ കുട്ടികളും അക്ഷരങ്ങൾ തിരിച്ചറിയുന്നു. പഠിച്ച അക്ഷരങ്ങൾ ചേർന്ന് വരുന്ന വാക്കുകൾ വായിക്കുന്നു. | ❖ അക്ഷര ചാർട്ട്.<br>❖ അക്ഷരം എഴുത്ത്.<br>❖ അക്ഷര കാർഡ് പരിചയപ്പെടൽ.<br>❖ അക്ഷര കാർഡ് നിർമ്മാണം.<br>❖ അക്ഷരമാലാ ഗീതം.<br>❖ കളികൾ.<br>❖ അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ പരിചയപ്പെടൽ.<br>❖ സമസ്താക്ഷരങ്ങൾ പരിചയപ്പെടുന്നു, പിരിച്ചെഴുതുന്നു.<br>❖ ചിത്ര കഥാ വായന.<br>❖ ആശയങ്ങൾ ലഘുവാക്യങ്ങളിലൂടെ പങ്കുവയ്ക്കൽ. | 6 മാസം | സംസ്കൃതം അധ്യാപിക | 3000 |

**വിഭാഗം: എൽ. പി** **വിഷയം: അറബിക്**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| <u>അക്ഷരവായന :</u><br>എഴുത്തുരീതി മനസ്സിലാക്കുന്നു .<br>ചിഹ്നങ്ങൾ ചേർത്ത് വായിക്കുന്നു. | ➢ അക്ഷരക്കാർഡുകൾ നൽകുന്നു .<br>➢ അക്ഷരങ്ങൾക്ക് നിറം നൽകാനും out l i ne നൽകി എഴുതാനും പരിശീലിപ്പിക്കുന്നു .<br>➢ ഉച്ചാരണശുദ്ധിയോടെ ചിഹ്നങ്ങൾ ചേർത്ത് വായിക്കാൻ പരിശീലിപ്പിക്കുന്നു<br>➢ ഒരാഴ്ച -ഒരക്ഷരം എന്ന രീതിയിൽ പ്രസ്തുത അക്ഷരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു .<br>➢ വീടുകളിൽ അക്ഷരച്ചാർട്ട് നിർമ്മിക്കുന്നു. | ജൂൺ, ജൂലൈ, ആഗസ്റ്റ്. | അറബിക് അധ്യാപകർ, രക്ഷിതാക്കൾ. | 1500 |
| പദപരിചയം:<br>അറബി ഭാഷയിലെ കുട്ടികളുടെ പദസമ്പത്ത് വർധിപ്പിക്കുക.<br>ലഘു ഉപചാര വാക്കുകൾ കേൾക്കുകയും ഉപയോഗിക്കുകയും ചെയ്യുക. | ➢ പാഠഭാഗവുമായി ബന്ധപ്പെടുത്തി പുതിയ വാക്കുകൾ പരിചയപ്പെടുത്തുന്നു .ഇത്തരം പദങ്ങൾ കുട്ടികൾ പുസ്തകത്തിൽ ശേഖരിക്കുന്നു.<br>➢ ക്ലാസ്റൂമിലും പുറത്തുമായി ഉപയോഗിക്കാനുതകുന്ന ശൈലികൾ ഉപചാരവാക്കുകൾ എന്നിവ പരിശീലിപ്പിക്കുന്നു. | 1 വർഷം | അധ്യാപകർ, രക്ഷിതാക്കൾ | 1000 |
| വായനാ ലോകം :<br>കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ.<br>നല്ല വായനക്കാരനാക്കുക. | വിവിധ വ്യവഹാര രൂപങ്ങളുൾപ്പെടുന്ന ലളിതമായ അറബിക് പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു .കഥ, കവിത തുടങ്ങി ഓരോന്നും അതിന്റെ ഭാവത്തിൽ വായിക്കാനുള്ള പരിശീലനം.<br><br>ക്ലാസ് വായന<br>പിരീഡിന്റെ ആദ്യത്തെ **5 minute** വായനയ്ക്കായി നീക്കിവയ്ക്കുന്നു. | ജൂൺ - ഡിസംബർ | അറബിക് അധ്യാപകർ. | 2000 |

| | | | | |
|---|---|---|---|---|
| അറബിക് അസംബ്ലി. | ▪ മാസത്തിലൊരിക്കൽ അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>▪ ചെറിയ വാർത്തകൾ അറബിയിൽ അവതരിപ്പിക്കുക.<br>▪ അറബിക് കുറിപ്പുകൾ ,സന്ദേശം എന്നിവ വായിക്കുക.<br>▪ പുസ്തക പരിചയം,സാഹിത്യകാരന്മാരെ പരിചയപ്പെടുക  തുടങ്ങിയ പ്രവർത്തനങ്ങൾ. | 1 വർഷം | HM, അറബിക് അധ്യാപകർ, അറബിക് ക്ലബ് അംഗങ്ങൾ. | 1000 |
| നല്ല എഴുത്ത് : കുട്ടികളുടെ കൈയ്യെഴുത്ത് മെച്ചപ്പെടുത്തൽ. | • അറബി ഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത് പരിശീലിപ്പിക്കുക<br>• വർഷാവസാനം കൈയ്യെഴുത്ത് മാഗസിൻ നിർമ്മിക്കുക. | 1 വർഷം | അറബിക് അധ്യാപകർ. | 2000 |
| ആസ്വാദന ലോകം : കുട്ടികളുടെ അറബി ഭാഷ ആസ്വാദ്യ  അനുഭവം പരിപോഷിപ്പിക്കുക | ▪ അറബി ഭാഷയെ കേൾക്കാനും അനുഭവിക്കാനുതകുന്ന രീതിയിൽ സജ്ജീകരിച്ച കഥകളും പാട്ടുകളും ഫിലിമുകളും പ്രദർശിപ്പിക്കുന്നു .<br>▪ ആസ്വാദന സഭ സംഘടിപ്പിക്കുന്നു | 1 വർഷം | അറബിക് അധ്യാപകർ, ക്ലബ് അംഗങ്ങൾ. | 2000 |
| അറബിക് ഫെസ്റ്റ് | അറബിക് ദിനവുമായി ബന്ധപ്പെട്ട് ഒരു അറബിക് ഫെസ്റ്റ് നടത്തുന്നു.<br>ഇതിൽ വിദ്യാർത്ഥികളുടെ  സർഗാത്മശേഷി വികാസത്തിനുപകാരപ്രദമായ പരിപാടികൾ നടത്തുന്നു . | ഡിസംബർ | HM,SRG, പൂർവ്വ വിദ്യാർത്ഥികൾ,രക്ഷിതാക്കൾ. | 4000 |
| ദിനാചരണങ്ങൾ | സ്കൂളിൽ നടക്കുന്ന ദിനാചരണത്തിന്റെ ഭാഗമായി പോസ്റ്ററുകളും മറ്റും നിർമ്മിക്കുന്നു. | 1 വർഷം | അധ്യാപകർ. | 3000 |